**Signature and Name of Invigilator**

1. (Signature) ______________________

   (Name) ______________________

2. (Signature) ______________________

   (Name) ______________________

**Answer Sheet No. :** ..............................................

(To be filled by the Candidate)

**Roll No.** | | | | | | | | |

(In figures as per admission card)

**Roll No.** ______________________

(In words)

**Test Booklet No.**

**J—2206**

**PAPER—II**

# MALAYALAM

**Time : 1¼ hours]** **[Maximum Marks : 100**

Number of Pages in this Booklet : **16** Number of Questions in this Booklet : **50**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of fifty multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the question booklet will be replaced nor any extra time will be given.**
   (iii) After this verification is over, the Serial No. of the booklet should be entered in the Answer-sheets and the Serial No. of Answer Sheet should be entered on this Booklet.
4. Each item has four alternative responses marked (A), (B), (C) and (D). You have to darken the oval as indicated below on the correct response against each item.

   **Example :** (A) (B) ● (D)

   where (C) is the correct response.
5. Your responses to the items are to be indicated in the Answer Sheet given **inside the Paper I booklet only**. If you mark at any place other than in the ovals in the Answer Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your name or put any mark on any part of the test booklet, except for the space allotted for the relevant entries, which may disclose your identity, you will render yourself liable to disqualification.
9. You have to return the test question booklet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There is NO negative marking.**

## परीक्षार्थियों के लिए निर्देश

1. पहले पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए।
2. इस प्रश्न-पत्र में पचास बहुविकल्पीय प्रश्न हैं।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी। पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए उसके कवर पेज पर लगी कागज की सील को फाड़ लें। खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं। दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें। इसके लिए आपको पाँच मिनट दिये जायेंगे। उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा।**
   (iii) इस जाँच के बाद प्रश्न-पुस्तिका की क्रम संख्या उत्तर-पत्रक पर अंकित करें और उत्तर-पत्रक की क्रम संख्या इस प्रश्न-पुस्तिका पर अंकित कर दें।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (A), (B), (C) तथा (D) दिये गये हैं। आपको सही उत्तर के दीर्घवृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है।

   **उदाहरण :** (A) (B) ● (D)

   जबकि (C) सही उत्तर है।
5. प्रश्नों के उत्तर **केवल प्रश्न पत्र I के अन्दर दिये गये** उत्तर-पत्रक पर ही अंकित करने हैं। यदि आप उत्तर पत्रक पर दिये गये दीर्घवृत्त के अलावा किसी अन्य स्थान पर उत्तर चिन्हांकित करते है, तो उसका मूल्यांकन नहीं होगा।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें।
8. यदि आप उत्तर-पुस्तिका पर अपना नाम या ऐसा कोई भी निशान जिससे आपकी पहचान हो सके, किसी भी भाग पर दर्शाते या अंकित करते हैं तो परीक्षा के लिये अयोग्य घोषित कर दिये जायेंगे।
9. आपको परीक्षा समाप्त होने पर उत्तर-पुस्तिका निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद अपने साथ परीक्षा भवन से बाहर न लेकर जायें।
10. **केवल नीले/काले बाल प्वाईंट पैन का ही इस्तेमाल करें।**
11. **किसी भी प्रकार का संगणक (कैलकुलेटर) या लाग टेबल आदि का प्रयोग वर्जित है।**
12. **गलत उत्तर के लिए अंक नहीं काटे जायेंगे।**

## MALAYALAM

## PAPER II

Note : ഈ ചോദ്യക്കടലാസിൽ അമ്പത് (50) മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും രണ്ടു (2) മാർക്ക്. ഉത്തരക്കടലാസിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

1. സമീപകാലത്ത് ദ്രാവിഡഭാഷകളുടെ താരതമ്യവ്യാകരണം രചിച്ചത്.

(A) വി. ഐ. സുബ്രഹ്മണ്യം

(B) ബി. എച്ച്. കൃഷ്ണമൂർത്തി

(C) പി. എ. സുബ്രഹ്മണ്യം

(D) എസ്.വി.ഷണ്മുഖം

2. ശരിയായി ചേർത്തെഴുതിയിരിക്കുന്നത് ഏത് ?

| | | | |
|---|---|---|---|
| (1) | ചെന്തമിഴിൽ നിന്ന് | (a) | ലീലാതിലകകാരൻ |
| (2) | കൊടുന്തമിഴിൽ നിന്ന് | (b) | പി. ശങ്കരൻ നമ്പ്യാർ |
| (3) | മധ്യകാലതമിഴിൽ നിന്ന് | (c) | ഇളം കുളം കുഞ്ഞൻ പിള്ള |
| (4) | മുത്തമിഴിൽ നിന്ന് | (d) | എൽ. വി. രാമസ്വാമി അയ്യർ |
| | | (e) | ഏ. ആർ രാജരാജവർമ്മ |

(A) 1c, 2e, 3d, 4b

(B) 1a, 2e, 3d, 4c

(C) 1e, 2a, 3c, 4d

(D) 1c, 2e, 3d, 4a

3. എൽ. വി. രാമസ്വാമി അയ്യരുടെ 'ഏ പ്രൈമർ ഓഫ് മലയാളം ഫോണോളജി' എന്ന ഗ്രന്ഥം അടുത്ത കാലത്ത് പ്രസിദ്ധീകരിച്ചത്

(A) ഇൻറർനാഷണൽ സ്കൂൾ ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സ്

(B) ദ്രാവിഡ സർവ്വകലാശാല, കുപ്പം

(C) കോഴിക്കോട് സർവ്വകലാശാല

(D) കേരള സാഹിത്യ അക്കാദമി

4. പയ്യന്നൂർ പാട്ടിൻെറ താളിയോലഗ്രന്ഥം സൂക്ഷിച്ചിരിക്കുന്നത്

(A) കേരള സർവ്വകലാശാലാ മാനുസ്ക്രിപ്റ്റ് ലൈബ്രറി

(B) കാലിക്കറ്റ് സർവ്വകലാശാലാ മാനുസ്ക്രിപ്റ്റ് ലൈബ്രറി

(C) ട്യൂബിങ്ങൻ സർവ്വകലാശാലാ ലൈബ്രറി

(D) ബ്രിട്ടീഷ് മ്യൂസിയം ലൈബ്രറി

5. കാര്യം : കൃഷ്ണഗാഥ ഒരു പാട്ടുകൃതിയാണെങ്കിലും യഥാർത്ഥത്തിൽ മണിപ്രവാളം തന്നെയാണ് :

കാരണം : 1. വർണ്ണനകളിൽ അലംഭാവമില്ല

2. മാലപ്പടക്കം പോലെയുള്ള അലങ്കാരങ്ങൾ

3. വിഭക്ത്യന്തസംസ്കൃതം സുലഭം

4. ശൃംഗാര പക്ഷപാതം

(A) 1ഉം 2ഉം മാത്രം ശരി

(B) 1ഉം 2ഉം 3ഉം ശരി

(C) 1ഉം 2ഉം 4ഉം ശരി

(D) 1ഉം 3ഉം 4ഉം ശരി

6. പുപൂകിരേ, തതല്ലിരേ, മമണ്ടിരേ എന്നീ രൂപങ്ങളെ സാധൂകരിക്കുന്ന ലീലാതിലകസൂത്രം

(A) സന്ദർഭേ സംസ്കൃതീ കൃതാച

(B) സംസ്കൃതം തു സർവത്ര

(C) അന്തേവികൃതം സംസ്കൃതം സംസ്കൃത രൂപാ

(D) ലോപശ്ച.

7. കാര്യം : സന്ദേശം അതൊന്നേ ഉള്ളു എന്ന നിരീക്ഷണം മുഖവിലയ്ക്ക് സ്വീകരിക്കാനാവില്ല.

കാരണം : കേരളീയ കാവ്യങ്ങളിൽ മേഘസന്ദേശത്തിലില്ലാത്ത തോതിൽ വിശദമായ ചരിത്ര പരാമർശങ്ങളുണ്ട്

(A) കാര്യവും കാരണവും ശരി

(B) കാര്യവും കാരണവും തെറ്റ്

(C) കാര്യം ശരി കാരണം തെറ്റ്

(D) കാര്യം തെറ്റ് കാരണം ശരി

8. കൃത്യമായി ചേരാത്ത ഗണമേത് ?

(A) ബാലഡ്സ് ഓഫ് നോർത്ത്മലബാർ - ചേലനാട്ട് അച്യുതമേനോൻ

(B) നാട്ടരങ്ങ് - രാഘവൻ പയ്യനാട്

(C) തോറ്റം പാട്ടുകഥ - എം. വി. വിഷ്ണു നമ്പൂതിരി

(D) ഇടനാടൻ പാട്ട് - കെ ആർ സജിത

9. കൗടലീയത്തിന്റെ സമ്പൂർണ്ണവും കൃത്യവുമായ മലയാളഗദ്യ വ്യാഖ്യാനമാണ് ഭാഷാകൗടലീയം

(A) ഭാഗികമായി ശരി. അപൂർണ്ണമായ വ്യഖ്യാനമാണ്

(B) പൂർണ്ണമായും തെറ്റ്

(C) ഭാഗികമായി ശരി. വ്യാഖ്യാനമല്ല വിവർത്തനമാണ്

(D) പൂർണ്ണമായും ശരി.

10. നമശ്ശിവായ ശ്രീ രാജ രാജാധിരാജ പരമേശ്വരഭട്ടാരക

രാജ ശേഖര ദേവർക്കുച്ചെല്ലാനിൻറയാണ്ടു പന്തിരണ്ടു.

ഈ ഭാഗം ഏതു ശാസനത്തിലേത് ?

(A) പാർത്ഥിവ ശേഖരപുരം ശാസനം

(B) പാലിയം ചെപ്പേട്

(C) വാഴപ്പള്ളി ശാസനം

(D) തിരുവമ്പാടി ശാസനം

11. എഴുത്തച്ഛനെക്കുറിച്ച് പ്രസക്തമല്ലാത്ത അഭിപ്രായമേത് ?

(A) രസാനുഗുണമായ രചന

(B) ഭാരതീയതയും കേരളീയതയും

(C) മലയാളകാവ്യഭാഷയുടെ നവീകരണം

(D) പദാനുപദ വിവർത്തനം

12. നമുക്കെഴുത്തച്ഛനെടുത്ത ഭാഷാ

ക്രമക്കണക്കേ ശരണം ..... എന്ന ഭാഗം ഉള്ളത്.

(A) നല്ല ഭാഷ

(B) കേരളം

(C) എഴുത്തച്ഛനെഴുതുമ്പോൾ

(D) മലയാളത്തിന്റെ തല

13. അഗ്നിസാക്ഷിണിയാമൊരു ഭാര്യയെ

സ്വപ്നത്തിൽപ്പോലും കാണുന്നില്ല ചിലർ.

ഈ വരികളുടെ വൃത്തം

(A) കാകളി

(B) മണികാഞ്ചി

(C) പാന

(D) സർപ്പിണി

14. 'സലജ്ജോഹം'കൊണ്ട് പ്രസിദ്ധമായ ആട്ടക്കഥ

(A) ബകവധം

(B) കീചകവധം

(C) നിവാതകവച കാലകേയ വധം

(D) ദുര്യോധന വധം

15. കുഞ്ചൻ നമ്പ്യാരെ സംസ്കാരദൂഷകൻ എന്നു വിശേഷിപ്പിച്ച മലയാള നിരൂപകൻ.

(A) കേസരി ബാലകൃഷ്ണപിള്ള

(B) കുട്ടികൃഷ്ണമാരാർ

(C) ഡോ. കെ. ഭാസ്കരൻ നായർ

(D) മുണ്ടശ്ശേരി

16. "അപരിഹരിണീയ വിധിയന്ത്രത്തിരിപ്പുമൂന്നി"

(A) നളചരിതം ഒന്നാം ദിവസം

(B) നളചരിതം രണ്ടാം ദിവസം

(C) നളചരിതം മൂന്നാം ദിവസം

(D) നളചരിതം നാലാം ദിവസം

17. "ഇലയുമാമിഭവുമാം കുസുമവുമാം" എന്ന ഭാഗം ഉള്ള കൃതി

(A) ജ്ഞാനപ്പാന

(B) ദൈവനിയോഗം

(C) നല്ല ഭാഷ

(D) കുചേലവൃത്തം വഞ്ചിപ്പാട്ട്

18. മലയാളം അച്ചടി നടന്ന കാലക്രമമനുസരിക്കുന്ന പട്ടിക ഏത് ?

(A) ആംസ്റ്റർഡാം, റോം, ബോംബെ, കോട്ടയം

(B) റോം, കോട്ടയം, ബോംബെ, ആംസ്റ്റർഡാം

(C) ബോംബെ, കോട്ടയം, ആംസ്റ്റർഡാം, റോം

(D) കോട്ടയം, റോം, ആംസ്റ്റർഡാം, ബോംബെ

19. ഗുണ്ടർട്ടിന്റെ സ്വതന്ത്രരചനയാണ്.

(A) കേരളോല്പത്തി

(B) കേരളപ്പഴമ

(C) വജ്രസൂചി

(D) പഴഞ്ചൊൽമാല

20. പ്രസാധനം ആരംഭിച്ച കാലക്രമം അനുസരിക്കുന്ന ഗണമേത്?

(A) ജ്ഞാനനിക്ഷേപം, പശ്ചിമോദയം, മിതവാദി, കേരളമിത്രം

(B) പശ്ചിമോദയം, ജ്ഞാനനിക്ഷേപം, കേരളമിത്രം, മിതവാദി

(C) ജ്ഞാനനിക്ഷേപം, കേരളമിത്രം, മിതവാദി, പശ്ചിമോദയം

(D) പശ്ചിമോദയം, ജ്ഞാനനിക്ഷേപം, മിതവാദി, കേരളമിത്രം

21. സി. പി. അച്യുതമേനോൻ ഗ്രന്ഥനിരൂപണം നടത്തിയിരുന്ന ആനുകാലിക പ്രസിദ്ധീകരണം.

(A) വിദ്യാവിലാസിനി

(B) വിദ്യാവിനോദിനി

(C) രസികരഞ്ജിനി

(D) കവന കൗമുദി

22. ശരിയായി ചേർത്തെഴുതിയതേത് ?

| | | | |
|---|---|---|---|
| 1. | വൃത്തവിചാരം | (a) | കെ. കെ. വാദ്ധ്യാർ |
| 2. | വൃത്തശില്പം | (b) | അപ്പൻ തമ്പുരാൻ |
| 3. | വൃത്തമഞ്ജരി | (c) | കുട്ടികൃഷ്ണമാരാർ |
| 4. | ദ്രാവിഡ വൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും | (d) | ഏ. ആർ. രാജരാജ വർമ്മ |
| | | (e) | പി. നാരായണക്കുറുപ്പ് |

(A) 1a, 2e, 3d, 4b

(B) 1b, 2c, 3d, 4a

(C) 1a, 2c, 3d, 4b

(D) 1c, 2a, 3d, 4e

23. ഒരു സംസ്കൃതനാടകത്തിന് ഏ. ആർ. നല്കിയ സ്വതന്ത്രഭാഷാന്തരം

(A) മലയാള ശാകുന്തളം

(B) മാളവികാഗ്നിമിത്രം

(C) ചാരുദത്തം

(D) വിക്രമോർവ്വശീയം

24. കൃത്യമായി ചേരാത്ത ഗണമേത്

(A) വഞ്ഞേരി ഗ്രന്ഥ വരി - കോഴിക്കോട് സർവ്വകലാശാല

(B) നിരണം ഗ്രന്ഥ വരി - സാംസ്കാരിക വകുപ്പ്

(C) തലശ്ശേരി രേഖകൾ - കേരള സാഹിത്യ അക്കാദമി

(D) മാമാങ്കം രേഖകൾ - വള്ളത്തോൾ വിദ്യാപീഠം

25. തിരുവതാംകൂർ സ്വാതന്ത്ര്യസമര ചരിത്രത്തിന്റെ കർത്താവ്

(A) സി. നാരായണപിള്ള

(B) പി. ശങ്കുണ്ണി മേനോൻ

(C) കെ. പി. പത്മനാഭ മേനോൻ

(D) ഏ. ശ്രീധരമേനോൻ

26. ശരിയായി ചേർത്തെഴുതിയിരിക്കുന്നത് ഏത് ?

| | | | |
|---|---|---|---|
| 1. | ധർമ്മപദം | (a) | വെണ്ണിക്കുളം |
| 2. | തിരുക്കുറൾ | (b) | പുതുശ്ശേരി രാമചന്ദ്രൻ |
| 3. | പെരുമാൾ തിരുമൊഴി | (c) | മാധവൻ അയ്യപ്പത്ത് |
| 4. | ചിലപ്പതികാരം | (d) | എസ്. രമേശൻ നായർ |
| | | (e) | വള്ളത്തോൾ |

(A) 1a, 2e, 3d, 4b
(B) 1c, 2a, 3b, 4d
(C) 1d, 2b, 3e, 4a
(D) 1c, 2b, 3d, 4c

27. ശരിയായി ചേർത്തെഴുതിയിരിക്കുന്നത് ഏത് ?

| | | | |
|---|---|---|---|
| 1. | പാരമിഷ്ടജനരൂപമോരുവാൻ<br>നാരിമാർക്കു നയനം സുസൂക്ഷ്മമാം | (a) | ഉള്ളൂർ |
| 2. | നമുക്കു ഗാർഹസ്ഥ്യ വഴിക്കു നേടിടാം<br>വിമുക്തിയേക്കാളുമഖണ്ഡമാംസുഖം | (b) | ആശാൻ |
| 3. | പദേപദേ നാം പ്രമുദിതർ കാണ്മൂ-<br>ഭവാബ്ധി ഗോഷ്പദമായ്. | (c) | വള്ളത്തോൾ |
| 4. | അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു<br>നോക്കുന്ന മർത്ത്യൻ കഥയെന്തു കണ്ടു | (d) | നാലപ്പാടൻ |
| | | (e) | കെ. കെ. രാജു |

(A) 1b, 2c, 3a, 4d
(B) 2d, 2c, 3b, 4a
(C) 1b, 2e, 3d, 4c
(D) 1a, 2c, 3b, 4d

28. ശരിയായി ചേർത്തെഴുതിയിരിക്കുന്നത് ഏത് ?

| | | | |
|---|---|---|---|
| 1. | കൊള്ളാൻ വല്ലതുമൊന്നു കൊടുക്കാ-<br>നില്ലാതില്ലൊരു മുഢച്ചെടിപോലും | (a) | ഒ. എൻ. വി |
| 2. | ഒന്നുമില്ലൊന്നുമില്ല<br>ഒരു ചുംബനം മാത്രം<br>ഒരു നിർവൃതി മാത്രം<br>ഒന്നുമില്ലൊന്നുമില്ല | (b) | വൈലോപ്പിള്ളി |
| 3. | എൻ ചുണ്ടിലൊട്ടിടയ്ക്കൂറിയ മാധുരി<br>നിൻ ചുണ്ടിനുള്ളതോ ലിപ്സ്റ്റിക്കിനുള്ളതോ | (c) | ആർ. രാമചന്ദ്രൻ |
| 4. | നാമേ നമുക്കിന്നു തൊട്ടിലും താരാട്ടു പാട്ടും | (d) | എൻ. വി. കൃഷ്ണവാര്യയർ. |

(A) 1c, 2b, 3d, 4a
(B) 1b, 2d, 3a, 4c
(C) 1b, 2c, 3d, 4a
(D) 1a, 2b, 3c, 4d

29. ജീയുടെ "ഓടക്കുഴലിന് " അവതാരികയെഴുതിയത്.

(A) എൻ. വി. കൃഷ്ണവാര്യയർ
(B) കെ. എം. പണിക്കർ
(C) എസ്. ഗുപ്തൻ നായർ
(D) പി. ഏ. വാര്യർ

30. ചേർച്ചയില്ലാത്ത ഗണമേത് ?

| | | | |
|---|---|---|---|
| (A) | ഐഡൻറിറ്റി കാർഡ് | - | എസ്. ജോസഫ് |
| (B) | മഴപ്പൊട്ടൻ | - | വി. എം. ഗിരിജ |
| (C) | മാന്ത്രികൻ | - | വീരാൻകുട്ടി |
| (D) | ഞാനഗ്നി | - | ഓ. എൻ. വി |

31. ശരിയായി ചേർത്തെഴുതിയിരിക്കുന്നത് ഏത് ?

| | | | |
|---|---|---|---|
| 1. | കോരൻ | (a) | അസുരവിത്ത് |
| 2. | പവതിക്കൊച്ചി | (b) | രണ്ടിടങ്ങഴി |
| 3. | ശാന്ത | (c) | ധർമ്മരാജാ |
| 4. | ഗോവിന്ദൻകുട്ടി | (d) | ഒരു ദേശത്തിൻെറ കഥ |
| | | (e) | സുന്ദരികളും സുന്ദരന്മാരും |

(A) 1b, 2c, 3e, 4a
(B) 1a, 2d, 3c, 4b
(C) 1c, 2a, 3d, 4b
(D) 1c, 2b, 3a, 4d

32. ശരിയായി ചേർത്തെഴുതിയിരിക്കുന്നത് ഏത് ?

| | | | |
|---|---|---|---|
| 1. | തിയൂർ രേഖകൾ | (a) | മാധവിക്കുട്ടി |
| 2. | രാജാക്കന്മാരുടെ പുസ്തകം | (b) | കെ. എ. സെബാസ്റ്റ്യൻ |
| 3. | മരക്കാപ്പിലെ തെയ്യങ്ങൾ | (c) | സാറാ ജോസഫ് |
| 4. | വണ്ടിക്കാളകൾ | (d) | അംബികാസുതൻ |
| | | (e) | എൻ. പ്രഭാകരൻ |

(A) 1d, 2c, 3a, 4b
(B) 1c, 2b, 3a, 4d
(C) 1e, 2b, 3d, 4a
(D) 1e, 2c, 3d, 4b

33. ശരിയായി ചേർത്തെഴുതിയിരിക്കുന്നത് ഏത് ?

| | | | |
|---|---|---|---|
| 1. | പിലാത്തോസച്ചൻ | (a) | പുലയപ്പാട്ട് |
| 2. | സാദിക് അലി | (b) | മാറ്റാത്തി |
| 3. | ഗൗതമൻ | (c) | ലന്തൻബത്തേരിയിലെ ലുത്തിയിനിയകൾ |
| 4. | ബ്രജിത് | (d) | വണ്ടിക്കാളകൾ |
| | | (e) | അടയാളങ്ങൾ |

(A) 1c, 2b, 3d, 4e
(B) 1c, 2d, 3a, 4b
(C) 1d, 2b, 3c, 4a
(D) 1e, 2a, 3d, 4a

34. സംസ്കൃത നാടക ഘടനയിലെഴുതിയ മലയാള സാമൂഹിക നാടകം

(A) മറിയാമ്മാ നാടകം
(B) തുലാഭാരം
(C) കാഞ്ചനസീത
(D) തിരുമ്പിവന്താൻ തമ്പി

35. കൃത്യമായി ചേരാത്ത ഗണമേത് ?

(A) സി. ജെ. തോമസ് - ഇഡിപ്പസ്
(B) കെ. എം. പണിക്കർ - ഇലക്ട്ര
(C) എൻ. കൃഷ്ണപിള്ള - എത്ര ദുഃഖമയം ലോകം
(D) അയ്യപ്പപ്പണിക്കർ - ഒഥല്ലോ

36. കൃത്യമായി ചേരാത്ത ഗണമേത് ?

(A) പ്രസ്ഥാന നിരൂപണം - കേസരി ബാലകൃഷ്ണപിള്ള

(B) തിരസ്ക്കാരം - കെ. പി. അപ്പൻ

(C) സാഹിത്യവിദ്യ - കുറ്റിപ്പുഴ കൃഷ്ണപിള്ള

(D) രൂപ ഭദ്രത - മുണ്ടശ്ശേരി

37. കൃത്യമായി ചേരാത്ത ഗണമേത് ?

(A) രസവിദ്യയുടെ ചരിത്രം - എസ്. ഹരീഷ്

(B) പത്രം - സക്കറിയ

(C) നൈറ്റ് ഡ്യൂട്ടി - കെ. സരസ്വതിയമ്മ

(D) കാഴ്ച - എം. ടി. വാസുദേവൻ നായർ

38. പത്മനാഭന്റെ കഥകളെക്കുറിച്ച് ഗവേഷണപഠന ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചവരുടെ പട്ടിക ഏത് ?

(A) അരവിന്ദാക്ഷൻ, എം. കെ. സാനു, പി. കെ. രാജശേഖരൻ

(B) സി. ആർ. സുശീലാ ദേവി, എം. തോമസ് മാത്യു, അരവിന്ദാക്ഷൻ

(C) സി. ആർ. സുശീലാദേവി, എം. ടി. സുലേഖ, എം. തോമസ് മാത്യു

(D) എം. എം. ബഷീർ, അരവിന്ദാക്ഷൻ, സി. ആർ. സുശീലാദേവി

39. പ്രസിദ്ധമായ 'വള്ളത്തോൾ കത്തുകൾ' ആർക്കയച്ചതാണ് ?

(A) ജവഹർലാൽ നെഹ്രു

(B) കുഞ്ഞിക്കുട്ടൻ തമ്പുരാൻ

(C) നാലപ്പാട്ടു നാരായണമേനോൻ

(D) കെ. എം. പണിക്കർ

40. ഹോർത്തൂസ് മലബാറിക്കസ് പുനഃപ്രസിദ്ധീകരിച്ചത്

(A) കാലിക്കറ്റ് സർവ്വകലാശാല

(B) കേരള സർവ്വകലാശാല

(C) കോട്ടക്കൽ ആര്യവൈദ്യശാല

(D) ശ്രീ ശങ്കരാ സംസ്കൃത സർവ്വകലാശാല

41. കെ. എം. പ്രഭാകര വാര്യരുടെ കൃതി

(A) വളരുന്ന കൈരളി

(B) മൊഴിയും പൊരുളും

(C) മൊഴി വഴികാം

(D) ഗദ്യം പിന്നിട്ട വഴികാം

42. തന്മാത്ര എന്ന സിനിമയുടെ കഥയും തിരക്കഥയും സംവിധാനവും നിർവഹിച്ചിരിക്കുന്നത് ബ്ലെസ്സിയാണ്.

(A) പൂർണ്ണമായും ശരി

(B) ഭാഗികമായി ശരി, തിരക്കഥയും സംവിധാനവും മാത്രം

(C) ഭാഗികമായി ശരി, കഥയും സംവിധാനവും മാത്രം

(D) ഭാഗികമായി ശരി, കഥയും തിരക്കഥയും മാത്രം

43. ഒരു തരം നാനാർത്ഥവും പ്രയോഗഭേദങ്ങളും വിവരിക്കുന്ന നിഘണ്ടുവാണ് 'തെ സോറസ്' ?

(A) പൂർണ്ണമായും ശരി

(B) പൂർണ്ണമായും തെറ്റ്

(C) ഭാഗികമായി ശരി, നാനാർത്ഥ നിഘണ്ടു മാത്രം

(D) ഭാഗികമായി ശരി, പ്രയോഗഭേദം കൊടുക്കുന്നു.

44. ശരിയായി ചേർത്തെഴുതിയത് ഏത് ?

| | | | |
|---|---|---|---|
| 1. | ഹരിതം | (a) | സാംസ്കാരിക വകുപ്പ് |
| 2. | വിജ്ഞാനകൈരളി | (b) | കേന്ദ്ര സാഹിത്യ അക്കാദമി |
| 3. | മലയാളവിമർശം | (c) | കേരള ഭാഷാ സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് |
| 4. | ഇൻഡ്യൻ ലിറ്ററേച്ചർ | (d) | കോഴിക്കോട് സർവ്വകലാശാല |
| | | (e) | മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി |

(A) 1a, 2d, 3c, 4e

(B) 1c, 2a, 3d, 4e

(C) 1e, 2c, 3d, 4b

(D) 1a, 2d, 3c, 4b

45. കൃത്യമായി ചേരാത്ത ഗണമേത് ?

(A) സഞ്ജയൻ - ഹാസ്യാഞ്ജലി

(B) വി. കെ. എൻ - ആരോഹണം

(C) കുട്ടിക്കൃഷ്ണമാരാർ - ഹാസ്യസാഹിത്യം

(D) ഈ. വി. കൃഷ്ണപിള്ള - ബി. എ. മായാവി

**താഴെ കൊടുത്തിരിക്കുന്ന ലേഖന ഭാഗം വായിച്ച് തുടർന്നു വരുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക :**

മാപ്പിളപ്പാട്ടിൽ സംഗീതത്തിനാണ് മുൻതൂക്കം. ഒരു പാട്ട് മാപ്പിളപ്പാട്ടാണോ എന്നു തീരുമാനിക്കാനുള്ള ഉപാധികളിൽ പ്രധാനം അതു പാടിക്കേൾക്കുകയാണ്. മാപ്പിളപ്പാട്ടുകളിലെ ഈണത്തിന്റെ താളക്രമം "ഇശൽ" എന്നറിയപ്പെടുന്നു. "തൊങ്കൽ", 'കൊമ്പ്', 'കപ്പപ്പാട്ട്', 'ഒപ്പനചായൽ', 'ഒപ്പന മുറുക്കം', തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന നൂറുകണക്കിന് ഇശലുകളുണ്ട്. ഇശലുകളുടെ അടിസ്ഥാനം മിക്കപ്പോഴും ദ്രാവിഡഗാനരീതികളാണ്. ഉദാഹരണമായി 'തൊങ്കൽ' എന്ന ഇശൽ 'മാവേലി വാണീടും കാലം' എന്ന മട്ടിനും 'ആദി അന്തം' എന്ന ഇശൽ 'ഓമനക്കുട്ടൻ ഗോവിന്ദൻ' എന്ന മട്ടിനും 'പുകയിനാർ' എന്ന ഇശൽ 'വഞ്ചിപ്പാട്ടിനും' സദൃശമാണ്. അറബി ഈണവും ദ്രാവിഡതാളവും മാപ്പിളപ്പാട്ടിന്റെ സംഗീതത്തിൽ സമന്വയിക്കപ്പെടുന്നു. ഇവിടെയും രണ്ടു സംസ്കാരധാരകളുടെ ചേരുവ കാണാം.

സംഗീതം വളരെ പ്രധാനമായതുകൊണ്ട്, മാപ്പിളപ്പാട്ടിൽ പ്രാസനിബന്ധനകൾ കർശനമാണ്. കമ്പി, കഴുത്ത്, വാൽക്കമ്പി, വാലുമ്മൽക്കമ്പി എന്നിവയാണ് മാപ്പിളപ്പാട്ടിലെ പ്രധാന പ്രാസവ്യവസ്ഥകൾ. ഒരു പാദത്തിലെ ഒരോ ഖണ്ഡത്തിന്റെയും ആദ്യാക്ഷരം സമാനമാവണം എന്ന നിബന്ധനയാണ് കമ്പി. - പാദാർദ്ധാദിപ്രാസംതന്നെ. 'പാട്ടുപ്രസ്ഥാനത്തിലെ' രാമചരിതത്തിലും മറ്റും കാണുന്ന 'മോന' യാണിത്. നാലു പാദത്തിലും രണ്ടാമത്തെ അക്ഷരം സമാനമായിരിക്കണം എന്ന നിബന്ധനയാണ് കഴുത്ത് - ദ്വിതീയാക്ഷരപ്രാസം തന്നെ. പാട്ടുപ്രസ്ഥാനത്തിലെ 'എതുക' യാണിത്. അന്ത്യാക്ഷരങ്ങൾക്കു വരുന്ന സമാനതയാണ് വാൽക്കമ്പി -അന്ത്യാക്ഷരപ്രാസം തന്നെ. ഇത് പാട്ടുപ്രസ്ഥാനത്തിൽ കാണുന്നില്ല. പക്ഷേ, അറബിക്കവിതകളിൽ ഈ പ്രാസത്തിന് വളരെ പ്രാധാന്യമുണ്ട്. വാലുമ്മൽക്കമ്പി എന്നറിയപ്പെടുന്നത് ഒരോ നാലു പാദവും അവസാനിക്കുന്ന പദമോ പദങ്ങളോ അക്ഷരമോ കൊണ്ട് അടുത്ത പാദം ആരംഭിക്കുന്ന ചിട്ടയാണ്. പാടുന്നവരുടെ ഓർമ്മക്ക് വളരെ സഹായകമാവുന്ന ഈ ക്രമം തമിഴു കൃതികളിലും മലയാളത്തിലെ 'പാട്ടിലും' ഭാഷാചമ്പുഗദ്യങ്ങളിലുമൊക്കെ കാണുന്ന 'അന്താദി' തന്നെയാണ്. തമിഴ് - അറബി പാരമ്പര്യങ്ങളിലെ പ്രാസനിയമങ്ങളാണ് മാപ്പിളപ്പാട്ടുകാർ തുടർന്നു പോരുന്നത് : പ്രാസനിബന്ധനകളിലും കാണുന്നത് സാംസ്കാരികമിശ്രണം തന്നെ.

ഭാഷാപരമായ പ്രത്യേകതകൾ ഈ ഗാനശാഖയ്ക്കു നിരവധിയുണ്ട്. അറബി, സംസ്കൃതം, തമിഴ്, ഹിന്ദുസ്ഥാനി, പാർസി, കന്നഡ തുടങ്ങിയ ഭാഷകളിലെ പദങ്ങൾ സുലഭമായി മാപ്പിളപ്പാട്ടിൽ കാണാം - ഇടയ്ക്ക് മാപ്പിളവാമൊഴിയിലെ പദങ്ങളും. ഈണം, താളം, പ്രാസം എന്നിവയോട് ഒത്തുപോകാൻ വേണ്ടി ഏതു ഭാഷയിൽ നിന്നും വാക്ക് സ്വീകരിക്കുക എന്നതാണ് പാട്ടെഴുത്തുകാരുടെ രീതി. ഇക്കൂട്ടത്തിൽ അറബിഭാഷയ്ക്കാണ് പ്രാധാന്യം. പ്രധാനപ്പെട്ട പല കൃതികളും ഒരുതരം സങ്കരഭാഷയിലാണ്. അറബിപദങ്ങളും ആ ഭാഷയുടെ വ്യാകരണവും മലയാളത്തോട് ഇടകലരുന്ന ഒരുതരം 'സമാന്തരമണിപ്രവാളം' മിക്ക കൃതികളിലുമുണ്ട് : രണ്ട് പാരമ്പര്യധാരകളുടെ ചേർച്ച ഇവിടെ ഭാഷാരീതിയിലും രേഖപ്പെട്ട് കിടക്കുന്നു.

**46.** മാപ്പിളപ്പാട്ടിനെ സമാന്തരമണിപ്രവാളം എന്നു വിശേഷിപ്പിക്കാൻ കാരണം

(A) അറബിയും മലയാളവും കലരുന്നു

(B) അറബിയും സംസ്കൃതവും കലരുന്നു

(C) ശൃംഗാര രസത്തിനും മലയാളത്തിനുമുള്ള പ്രാധാന്യം

(D) അറബി ഈണവും ദ്രാവിഡതാളവും കലരുന്നു

**47.** ശരിയായി ചേർത്തെഴുതിയിരിക്കുന്നത് ഏത് ?

| | | | |
|---|---|---|---|
| 1. | ഇശൽ | (a) | 'മാവേലി വാണിടും കാലം' |
| 2. | കഴുത്ത് | (b) | എതുക |
| 3. | പുകയിനാർ | (c) | വഞ്ചിപ്പാട്ട് |
| 4. | തൊങ്കൽ | (d) | കപ്പപ്പാട്ട് |

(A) 1a, 2d, 3c, 4b

(B) 1a, 2b, 3c, 4d

(C) 1d, 2b, 3c, 4a

(D) 1b, 2c, 3a, 4d

**48.** ചേർച്ചയില്ലാത്ത ഗണം ഏത് ?

(A) ഈണം, താളം, പ്രാസം

(B) കമ്പി, കഴുത്ത്, വാൽക്കമ്പി

(C) തൊങ്കൽ, കൊമ്പ്, ഒപ്പനമുറുക്കം

(D) പുകയിനാർ, വാൽക്കമ്പി, തൊങ്കൽ

49. മാപ്പിളപ്പാട്ടിൻെറ സംഗീതഗുണം നിർണ്ണയിക്കുന്നത്

1. പദഘടന
2. കമ്പി, കഴുത്ത്, വാൽക്കമ്പി....
3. അറബിവാക്കുകൾ
4. ഇശൽ

(A) 2ഉം 3ഉം 4ഉം ശരി
(B) 1ഉം 2ഉം 3ഉം ശരി
(C) 1ഉം 2ഉം 4ഉം ശരി
(D) 1ഉം 3ഉം 4ഉം ശരി

50. കാര്യം : മാപ്പിളപ്പാട്ടുകൾ വിവിധഭാഷകളിൽ നിന്നു വാക്കുകൾ സ്വതന്ത്രമായി കടം കൊള്ളുന്നു.

കാരണം : ഈണം. താളം, പ്രാസം എന്നിവ ഉറപ്പാക്കി സംഗീതഭംഗി വരുത്താൻ

(A) കാര്യവും കാരണവും ശരി
(B) കാര്യം ശരി, കാരണം തെറ്റ്
(C) കാര്യവും കാരണവും തെറ്റ്
(D) കാര്യം ശരി, കാരണം ഭാഗികമായി ശരി

- o O o -

**Space For Rough Work**